പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 404 18.10.2011-ൽ മറുപടിക്ക്.

## പ്രീ-പ്രൈമറി പഠനത്തിന് ഏകീകൃത സിലബസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പ്രീ-പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രീ-പ്രൈമറി സ്കുളുകളുടെ പ്രവർത്തനം നിരീക്ഷിക്കാനുള്ള ബാധ്യത പ്രധാന അധ്യാപകൻ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ അധികാരികൾക്കാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസം നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ട മറ്റൊരു പ്രധാന ഏജൻസിയായ ഐ.സി.ഡി.എസ്, അവരുടെ അംഗൻവാടി സെന്ററുകളെ നിരീക്ഷിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന നിലയിലും ഐ.സി.ഡി.എസ് തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാരേയും ജില്ലാ തലത്തിൽ പ്രോഗ്രാം ഓഫീസർമാരേയും സംസ്ഥാന തലത്തിൽ മറ്റു ഓഫീസർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(ബി) അടിസ്ഥാന സൗകര്യം പോലും ഏർപ്പെടുത്താതെ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്ഥാപനങ്ങൾ വിവേചനരഹിതമായി ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി)ആവശ്യത്തിന് സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ കുട്ടികളിൽ നിന്നും തുച്ഛമായ ഫീസ് ഈടാക്കി പ്രീ-പ്രൈമറി ക്ളാസ്സുകൾ ആരംഭിച്ച് സ്വന്തം ചെലവിൽ നടത്തിക്കൊണ്ടു പോകുവാൻ പി.ടി.എ കൾക്ക് അനുവാദം നൽകിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ഫീസ് ഈടാക്കുന്നതിനും അംഗീകൃത മാനദണ്ഡങ്ങൾ നിലവിലില്ല. ഗവൺമെന്റ് അനുവാദവും നൽകിയിട്ടില്ല.

(സി) ഇവയ്ക്ക് ഏകീകൃതമായ ഒരു സിലബസ് ഇല്ലാത്തതുമൂലം പരസ്പര മത്സരത്തിന്റെ ഭാഗമായി കൊച്ചു കുട്ടികളിൽ അമിത പഠനഭാരം അടിച്ചേല്പിക്കുന്ന ഗുരുതര പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ;

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസ കാര്യത്തിൽ കുട്ടികളുടെ പ്രായപരിധി ക്കനുസരിച്ച് ബോധനത്തിന് ഒരു ഏകീകൃത സിലബസ് നിശ്ചയിച്ച് അത് കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

സി)&(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസം ഏകീകരിച്ച് ചിട്ടപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി ഡയറക്ടർ കൺവീനറായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ പ്രീ-പ്രൈമറി തലത്തിൽ ഓരോ ഏജ് ഗ്രൂപ്പിനും (3+,4+,5+) ഉള്ള സിലബസ് തയ്യാറാക്കിയിട്ടുണ്ട്. ഇത് സംസ്ഥാന കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം നടപ്പാക്കാൻ സാധിക്കുന്നതാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസ കാര്യത്തിൽ കുട്ടികളുടെ പ്രായ പരിധിക്കനുസരിച്ച് ഏകീകൃത സിലബസ്സ് എല്ലാ പ്രീപ്രൈമറി